സാഹിത്യവാരഫലം

1988/12/04 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1988/12/04-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

കവികളും കഥാകാരന്മാരും ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിൽ ചേരുന്നതു നന്ന്. കറപ്പേരെങ്കിലും അവർക്കുവേണ്ടി പടപൊരുതാനുണ്ടാവും. കക്ഷിരഹിതനാണ് കവിയെങ്കിൽ, കഥാകാരനെങ്കിൽ ഇന്നാട്ടിൽ അയാൾക്ക് ഒരു രക്ഷയുമില്ല.

നാരായണമേനോൻ എന്നു മാത്രം പറഞ്ഞാൽ വക്താവ് ആരെയാണു ലക്ഷ്യമാക്കുന്നതെന്ന് ശ്രോതാവിനു മനസ്സിലാകുകയില്ല. വള്ളത്തോൾ നാരായണമേനോൻ എന്നാണു പറയുന്നതെങ്കിൽ ഒരു സംശയവും ഉണ്ടാകുകയില്ല. അതുകൊണ്ട് രജനീഷ് എന്നെഴുതാതെ ഭഗവാൻ രജനീഷ് എന്നു ഞാൻ എഴുതിക്കൊള്ളട്ടെ. സുന്ദരിയും ചെറുപ്പക്കാരിയുമായ ഒരു നേഴ്സ് ഒരിക്കൽ അദ്ദേഹത്തിന്റെ ‘ബ്ലഡ് പ്രഷർ’ നോക്കി. നോക്കിയതിനുശേഷം പുഞ്ചിരിയോടെ അവൾ അറിയിച്ചു. “സാരമില്ല, സ്ത്രീയാണ് പുരുഷന്റെ പ്രഷർ നോക്കുന്നതെങ്കിൽ അത് അല്പമൊന്നു കൂടുതലാവും”. ഇതിനു ഭഗവാൻ എന്തു മറുപടി നൽകിയെന്ന് എനിക്കറിഞ്ഞുകൂടാ. മറുപടി എന്തുമാകാം. ആ നേഴ്സ് പറഞ്ഞതു സത്യമാണെന്നതിൽ ഒരു സംശയവുമില്ല. സുന്ദരികളായ നേഴ്സുകൾ ബ്ലഡ് പ്രഷർ നോക്കുന്നതും ചേതോഹരാംഗികളായ ഡോക്ടർമാർ ‘സ്റ്റെതസ്കോപ്പ്’ കൊണ്ട് നെഞ്ചു പരിശോധിക്കുന്നതും പുരുഷന്മാർക്ക് വലിയ ഇഷ്ടമാണ്. രോഗമില്ലെങ്കിലും അവർ നേഴ്സുകളുടെയും ലേഡി ഡോക്ടർമാരുടെയും അടുത്ത് രോഗമുണ്ടെന്നു പറഞ്ഞ് ഓടിച്ചെല്ലും. പരിശോധന കഴിഞ്ഞാലും ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് അവിടെ ചുറ്റിപ്പറ്റി നിൽക്കും. പുരുഷന്മാരെ ഇക്കാര്യത്തിൽ കുറ്റം പറയാനാവില്ല. ലിബിഡോയുടെ—കാമവാസനയുടെ—ശക്തി അത്രയ്ക്കാണ്.


പി. കുഞ്ഞിരാമൻനായർ

നമ്മുടെ പല എഴുത്തുകാർക്കും “കക്ഷിരാഷ്ട്രീയം” അംഗീകരിച്ച കവികളും കഥാകാരന്മാരും സുന്ദരികളായ നേഴ്സുകളാണ്, ലേഡി ഡോക്ടർമാരാണ്. അവർ പുഞ്ചിരി പൊഴിച്ചുകൊണ്ട് സ്ഫൈഗ്മോമനോമീറ്ററുമായി, സ്റ്റെതസ്കോപ്പുമായി ആ എഴുത്തുകാരുടെ അടുത്തുചെന്നാൽ മതി. രക്തസമ്മർദ്ദം ഉയരും, നെഞ്ച് ‘പടപടാ’യെന്ന് ഇടിക്കും. കക്ഷിരഹിതരായ ആളുകൾ എന്തെങ്കിലും അഭിപ്രായം പറഞ്ഞാൽ ഈ രോഗികൾ അസഭ്യത്തിന്റെ പച്ചവെള്ളം നിറച്ച വലിയ പാത്രത്തിൽ അവരുടെ തല മുക്കിപ്പിടിക്കും; ശ്വാസംമുട്ടി ചാകുന്നതുവരെ. അതുകൊണ്ട് കവികളും കഥാകാരന്മാരും ഏതെങ്കിലും രാഷ്ട്രീയകക്ഷിയിൽ ചേരുന്നതു നന്ന്. കറപ്പേരെങ്കിലും അവർക്കുവേണ്ടി പടപൊരുതാനുണ്ടാവും. കക്ഷിരഹിതനാണ് കവിയെങ്കിൽ, കഥാകാരനെങ്കിൽ ഇന്നാട്ടിൽ അയാൾക്ക് ഒരു രക്ഷയുമില്ല. അങ്ങനെയുള്ളവനെ ചവിട്ടി പുറന്തള്ളിക്കളയും. സംശയമുണ്ടോ പ്രിയപ്പെട്ട വായനക്കാർക്ക്? ഉണ്ടെങ്കിൽ പി. കുഞ്ഞിരാമൻനായരെ നോക്കുക. മഹാകവിത്രയത്തിനുശേഷം വന്ന കവികളിൽ പ്രമുഖനായിരുന്നല്ലോ അദ്ദേഹം. ‘കക്ഷിരാഷ്ട്രീയ’രഹിതനായതുകൊണ്ട് അദ്ദേഹം അവഗണിക്കപ്പെട്ടിരിക്കുന്നു. കുഞ്ഞിരാമൻനായരുടെ പ്രതിഭാവിലാസത്തിന്റെ ആയിരത്തിലൊരംശംപോലുമില്ലാത്ത കവികളെ ബ്ലഡ് പ്രഷർ രോഗികൾ പൊക്കിക്കൊണ്ടു നടക്കുകയും ചെയ്യുന്നു. ഇത് ആത്മവഞ്ചനയും ജനവഞ്ചനയുമാണ്.

കേവലചിന്തകൾ

ലാറ്റിനമേരിക്കൻ കവി ബോർഹെസ് പറഞ്ഞിട്ടുണ്ട്, കാവ്യം എപ്പോഴും ഒരു aesthetic event—സൗന്ദര്യാത്മക സംഭവം—ആയിരിക്കണമെന്ന്. അത് പ്രത്യക്ഷമായിരിക്കണം, തത്ക്ഷണജാതമായിരിക്കണം. പ്രേമംപോലെ, കനിയുടെയും ജലത്തിന്റെയും സ്വാദുപോലെ, സുന്ദരിയുടെ സാമീപ്യംപോലെയാവണം. മലകണ്ടാൽ, സമുദ്രം കണ്ടാൽ നമുക്ക് എന്തനുഭവമുണ്ടാകുമോ ആ അനുഭവം ജനിപ്പിക്കണം കവിത. കേവലചിന്തയ്ക്ക് അതിൽ സ്ഥാനമില്ല. ബോർഹെസിനോടു യോജിക്കാനാണ് എനിക്കു കൗതുകം. അതുകൊണ്ട് ടി. എസ്. എല്യറ്റിന്റെ കവിതയെക്കാൾ ഡിലാമേറിന്റെ കവിതയാണ് എനിക്കിഷ്ടം. വൈലോപ്പിള്ളിയുടെ കവിതയെക്കാൾ ചങ്ങമ്പുഴയുടെ കവിതയാണ് എനിക്കിഷ്ടം. ആ മാനസികനിലയുള്ള ഞാൻ വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ‘പുനശ്ചിന്തകൾ’ എന്ന കാവ്യം വായിച്ച് ആഹ്ലാദിക്കുന്നില്ലെന്ന് എഴുതിയാൽ അദ്ദേഹം കവിയല്ല എന്ന അഭിപ്രായം ആവിഷ്കരിക്കുകയാണെന്നു വിചാരിക്കരുത്.

> ഇന്ത്യയെ കണ്ടെത്തി നീ
> നന്ന്! നീ വാണു; ഞങ്ങൾ
> ഇന്ത്യയെ കണ്ടെത്താതേ
> ഗതികേടിലായ് വീണു

എന്നും ഗാന്ധിജിയെ ലക്ഷ്യമാക്കി

> പെരുവഴി താണ്ടുവോർ നാം ഈന്ത
> വടിയിനി എങ്ങുപോയ് തേടേണ്ടു?

എന്നും ചോദിക്കുമ്പോൾ അവയിലെ ആശയ സാമ്രാജ്യത്തിൽ പ്രവേശിക്കാൻ എനിക്കു സന്തോഷമുണ്ട്. പക്ഷേ, ഈ വരികളും ഇവയുൾക്കൊള്ളുന്ന കാവ്യമാകെയും അനുഭൂതി ജനിപ്പിക്കുന്നില്ല. അനുഭൂതി ജനിപ്പിക്കാത്തതുകൊണ്ട് ഈ കാവ്യം സൗന്ദര്യമയമായ സംഭവമല്ല. (കാവ്യം മാതൃഭൂമി നെഹ്റു ശതാബ്ദിപ്പതിപ്പിൽ)

നിരീക്ഷണങ്ങൾ

സ്കൂൾ കട്ടികൾ: മുതുകിലിട്ട തടിച്ച ബാഗ്കൊണ്ട് മറ്റു ബസ്സ് യാത്രക്കാർക്ക് അംഗഭംഗമുണ്ടാക്കുന്ന സ്വാർത്ഥന്മാർ.

തകഴി ശിവശങ്കരപ്പിള്ള ഒരിക്കൽ എന്നോടു ചോദിച്ചു: എത്രവണ അപ്പൂപ്പനായി? ഞാൻ ചിരിച്ചതേയുള്ളു. ‘അപ്പൂപ്പനായതുകൊണ്ട് വാർദ്ധക്യമായിയെന്നു തോന്നുന്നുണ്ടോ?” തകഴിയുടെകൂടെ വന്നയാൾ ചോദിക്കുകയായി. ഞാൻ മറുപടി നൽകിയത് ഇങ്ങനെയാണ്: ‘ഇതിനുള്ള ഉത്തരം എന്റെ സ്വന്തമല്ല. ആരോ ഒരു ബുദ്ധിമാൻ പറഞ്ഞതാണ്. അപ്പൂപ്പനായതുകൊണ്ട് വാർദ്ധക്യമായിയെന്നു തോന്നില്ല. പക്ഷേ, ഭാര്യ അമ്മൂമ്മയായതുകൊണ്ട് വൃദ്ധനായിയെന്നു തോന്നും’.

ഇടപ്പള്ളി. ബസ്സ് നിന്നപ്പോൾ ഒരാൾ ‘പിച്ചിപ്പൂ, പിച്ചിപ്പൂ’ എന്നു വിളിച്ചുകൊണ്ട് ബസ്സിന്റെ അടുത്തുവന്നു. അതിന്റെ പരിമളം അന്തരീക്ഷത്തിൽ തങ്ങിനിന്ന് എല്ലാവരെയും ആഹ്ലാദിപ്പിച്ചു. ആരും പൂ വാങ്ങിയില്ല. അപ്പോൾ ഞാൻ ഓർമ്മിച്ചു. പിച്ചിപ്പൂവിന്റെ വെൺമയും റോസാപ്പൂവിന്റെ സൗരഭ്യവും താമരപ്പൂവിന്റെ ഭംഗിയും ഒത്തിണച്ചുചേർന്ന ചങ്ങമ്പുഴക്കവിത എന്ന പുഷ്പം വിടർന്നത് ഈ സ്ഥലത്താണല്ലോ. എല്ലാവരും അതു വാങ്ങിച്ചു. സൗരഭ്യം നുകർന്നു ഭംഗി ആസ്വദിച്ചു.

ചിലർ സഹ്യപർവ്വതം കടന്ന് അപ്പുറത്തേക്കു പോകുന്നു. കമ്പന്റെയും സുബ്രഹ്മണ്യ ഭാരതിയുടെയും കാവ്യമധു ആസ്വദിക്കുന്നു. രാജഗോപാലാചാരിയുടെ കൊച്ചുകഥകൾക്കുള്ള സൗന്ദര്യം കണ്ടറിയുന്നു.


സുമിത്രാനന്ദൻ പന്ത്

ചിലർ കേരളത്തിന്റെ വടക്കനതിർത്തി കടന്ന് മുന്നോട്ടു പോകുന്നു. സുമിത്രാനന്ദൻ പന്തിന്റെ രചനകൾക്കുള്ള സൗഭഗംകണ്ടു പുളകമണിയുന്നു. താരാശങ്കർ ബാനർജിയുടെ ‘ആരോഗ്യനികേതനം’ ദർശിച്ച് ജീവിതത്തെയും മരണത്തെയുംകുറിച്ച് അവബോധമുള്ളവരായി ഭവിക്കുന്നു.

ചിലർക്കു കന്യാകുമാരിയിലേക്കു പോകാൻ താല്പര്യം. അവിടത്തെ സൂര്യോദയം കണ്ട് ഉള്ളറിനെ വാഴ്ത്തുന്നു. ദേവീക്ഷേത്രത്തിനുമുൻപിൽ കൈകൂപ്പി നില്ക്കുന്നു.

ഞാൻ പടിഞ്ഞാറോട്ടു പോകുന്നു. നജീബ് മഹ്ഫൂസിന്റെ നോവൽത്രിതയം കാണാനാണ് എനിക്കു കൊതി. യാനിസ് റിറ്റ്സോസിന്റെ വിപ്ലവകാവ്യങ്ങളിൽ ആമജ്ജനം ചെയ്യാനാണ് എന്റെ അഭിലാഷം. ഈ ലോകത്ത് ഓരോ വ്യക്തിയും നിസ്സഹായനാണ്. ഓരോ ആളിനും ഓരോ അഭിരുചി. അഭിരുചിയുടെ പേരിൽ ആരെയും നിന്ദിക്കരുത്. ആ നിന്ദനത്തിലും അപമാനനത്തിലും അർത്ഥമില്ല.

ഭാവനാപരമായ സാക്ഷാത്കാരം

അപ്പോൾ എല്ലാം ശാന്തം. തിരുവിതാംകൂർ മഹാരാജാവിനുവേണ്ടി പ്രയത്നിച്ച ഡിലനോയിയുടെ ശവകടീരത്തിനു മുൻപിൽ ഞങ്ങൾ നില്ക്കുകയാണ്. പേച്ചിപ്പാറ അണയിൽച്ചെന്ന് സ്വന്തം പ്രതിധ്വനി കേട്ടിട്ട് ആകലാവസ്ഥയിൽ എത്തിയവരാണ് ഞങ്ങൾ. അണകെട്ടിയ എഞ്ചിനീയർ സായ്പിന്റെ മൃതദേഹം അവിടെയൊരിടത്ത് സംസ്കരിച്ചിട്ടുണ്ട്. “പേച്ചിപ്പാറയണയാണോ ഇതു?” ഉറക്കെ ഞാൻ ചോദിക്കുന്നു. പ്രതിധ്വനി: “പേച്ചിപ്പാറയണയാണോ ഇതു?” “കളിയാക്കുകയാണോ?” എന്ന് എന്റെ വീണ്ടുമുള്ള ചോദ്യം. “കളിയാക്കുകയാണോ?” എന്ന് ഇങ്ങോട്ടു ചോദ്യം. കൂടുതൽ ചോദിക്കാൻ കൂടെയുണ്ടായിരുന്ന ഒരന്ധവിശ്വാസി സമ്മതിച്ചില്ല. ശവക്കല്ലറയിൽ കിടക്കുന്ന സായ്പാണത്രേ ഇങ്ങോട്ടു ചോദ്യമെറിയുന്നത്. കൂടുതൽ ഉപദ്രവിച്ചാൽ അയാൾ പ്രതികാരം ചെയ്യുംപോലും. അന്ന് പ്രായം കറവായിരുന്ന ഞാൻ വല്ലാത്ത അവസ്ഥയിലായി. അങ്ങനെ സ്വസ്ഥത നശിച്ചാണ് ഡിലനോയിയുടെ കല്ലറയ്ക്കടുത്ത് എത്തിയത്. അതുകൊണ്ട് അവിടത്തെ നിശ്ശബ്ദതയ്ക്ക് സാന്ദ്രത വർദ്ധിച്ചുവെന്ന് എനിക്കു തോന്നി. വെടിയുണ്ടകൾ ത്രികോണാകൃതിയിൽ അടുക്കിവച്ചിരിക്കുന്നു. ശവക്കല്ലറയുടെ ചുറ്റും ഒരടിപ്പൊക്കത്തിൽ മതിൽ. കൊച്ചു ചരലുകൾ കല്ലറയിൽ വിരിച്ചിരിക്കുന്നു. അന്ന് ഒരു പുല്ലൊടിപോലുമില്ല ഒരിടത്തും. ദൂരെ ഒരില അനങ്ങുന്ന ശബ്ദം കേൾക്കാം. മഹാകവി പണ്ടു പറഞ്ഞപോലെ ശേഷമുള്ളതെല്ലാം നിശ്ശബ്ദത. ആ നിശ്ശബ്ദതയിലൂടെ ഞാൻ ഭൂതകാലത്തെത്തി. ഡിലനോയി പടവെട്ടുന്നതു ഞാൻ കണ്ടു. അയാളുടെ യാനപാത്രങ്ങൾ നീലക്കടലിൽ നീങ്ങുന്നതു ഞാൻ കണ്ടു. നമ്മുടെ പക്ഷത്തും ശത്രുപക്ഷത്തുമുള്ളവർ വീണു മരിക്കുന്നതു ഞാൻ കണ്ടു. ഈ കാഴ്ചയെല്ലാം സഹായമരുളിയത് ഡിലനോയിയുടെ ശവക്കല്ലറതന്നെ. ഉണങ്ങിയ റോസാപ്പൂവിതൾകണ്ട് കാമുകൻ പൂർവകാല പ്രണയരംഗങ്ങളിലേക്കു പോകുന്നതുപോലെയാണ് ഞാൻ ഡിലനോയിയെയും യുദ്ധത്തെയും മനക്കണ്ണുകൊണ്ടു കണ്ടത്. ഇതാണ് ഭാവനാപരമായ സാക്ഷാത്കാരം. സി. ബി. ശോഭന്റെ ‘ഉണ്ണി മറക്കായ്’ എന്ന കാവ്യം വർത്തമാനകാലത്തിൽനിന്നുകൊണ്ട് ഭൂതകാലത്തെ സാക്ഷാത്കരിക്കാൻ യത്നിക്കുന്നു. അതിൽ വിജയം പ്രാപിക്കുകയും ചെയ്യുന്നു.

> ഉണ്ണീ, മറക്കായ്
> പിന്നാമ്പുറത്തെയശോകമരച്ചോട്ടി-
> ലൊന്നായിരുന്നു കരിയിലത്തികട്ടി-
> യെണ്ണമില്ലാത്ത കഥകൾ പറഞ്ഞതും
> കണ്ണീർത്തെളിവാർന്നൊഴുകന്നൊരാറ്റിന്റെ
> വെൺമണൽത്തിട്ടിൽക്കളിച്ചു വളർന്നതും

ഇമേജുകളിലൂടെ വികാരസംക്രമണം നടത്താൻ കവിക്കറിയാം. ഒന്നേ ന്യൂനതയായുള്ളു. ക്ലീഷേയല്ലാതെ വേറൊന്നുമില്ല ഈ കാവ്യത്തിൽ. ക്ലീഷേ നമ്മെ വല്ലാതെ വേദനിപ്പിക്കും; പല്ലുവേദനപോലെ.

നിർവ്വചനങ്ങൾ

തിടുക്കം (ധിറുതി): മാന്യതയുള്ളവർ ഇതു മറ്റുള്ളവരുടെ മുൻപിൽ കാണിക്കില്ല.

അച്ഛൻ: എല്ലാ വീടുകളിലുമുള്ള തടിമാടൻ. മകൻ അയാളെ കണ്ടാലുടൻ മടക്കിക്കുത്ത് അഴിച്ചിടും. പക്ഷേ, ഉള്ളിൽ പുച്ഛം. അയാൾ പറയുന്നതൊക്കെ ഭാര്യയ്ക്ക് അസ്വീകാര്യം. അതുതന്നെ മകൻ പറഞ്ഞാൽ അവർക്കു സ്വീകാര്യം. മാസംതോറും ശമ്പളം കൊണ്ടുവന്നു ഭാര്യയ്ക്കു നൽകേണ്ട ഒരു യന്ത്രം.

പി. കേശവദേവ്: പ്രഭാഷണവേദികളിലെ പ്രക്ഷോഭകൻ. പ്രഭാഷണംകഴിഞ്ഞ് കാറിൽ കയറിയാൽ ആട്ടിൻ കട്ടിയെപ്പോലെ ശാന്തൻ.

സ്കൂൾ കട്ടികൾ: മുതുകിലിട്ട തടിച്ച ബാഗ്കൊണ്ട് മറ്റു ബസ്സ് യാത്രക്കാർക്ക് അംഗഭംഗമുണ്ടാക്കുന്ന സ്വാർത്ഥന്മാർ.

എക്സ്-റേ: ഭാര്യയ്ക്കു ഭർത്താവിന്റെ ഉള്ളറിയാൻ വേണ്ടി റെന്റ്ജൻ എന്ന ജർമ്മൻ ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചത്.

രോഗം: ഭർത്താവിനു ജലദോഷം വന്നാൽ അത് അയാൾ ന്യൂമോണിയയായി കരുതി ഡോക്ടറുടെ അടുത്തേക്ക് ഓടും. ഭാര്യയ്ക്കു ന്യൂമോണിയ വന്നാൽ ‘ഹേ ജലദോഷം. സാരമില്ല’ എന്ന് അയാൾ പറയും. അവളെ ഡോക്ടറുടെ അടുക്കലേക്കു കൊണ്ടു പോകുകയുമില്ല.

നിലം: തെങ്ങിൻതോപ്പ്: അശക്തനായവനിൽനിന്ന് അവന്റെ ശക്തരായ ബന്ധുക്കൾക്ക് കൈയടക്കിവയ്ക്കാനുള്ളവ.

ജോയിന്റ് സേവിങ്സ് അക്കൗണ്ട്: ചെക്കിൽ ഭാര്യയുടെ കള്ളയൊപ്പിട്ടു ബാങ്കിൽ കൊണ്ടുപോയി പണമെടുക്കാൻ ഭർത്താവിനെ സഹായിക്കുന്ന ഏർപ്പാട്.

ഗാൽസ്‌വർത്തി: പരമബോറനായ ഒരു ഇംഗ്ലീഷ് സാഹിത്യകാരൻ.

ടെലിവിഷനിലെ ഏറ്റവും ബോറായ പരിപാടി: സിദ്ധാർത്ഥ ബാസുവിന്റെ ക്വിസ് പരിപാടി. അതു കേട്ടുകൊണ്ടിരിക്കുമ്പോൾ ധിഷണയ്ക്ക് ആഹ്ലാദമല്ല ഉണ്ടാവുക. മനസ്സിനു പിരിമുറുക്കമാണ്. ആ അർത്ഥത്തിൽ ആരോ എവിടെയോ എഴുതിയിരുന്നുവെന്നും തോന്നുന്നു.

വാളല്ലെൻ സമരായുധം

ഇതെഴുതുന്ന ആളിന് ‘അഭിമുഖ സംഭാഷണ’ത്തിന്റെ റിപ്പോർട്ടുകളിൽ ഒരു വിശ്വാസവുമില്ല. കാരണം ചോദ്യം കേട്ടയുടനെ ഉത്തരം പറയേണ്ടയാൾ ഒരാവരണത്തിനുള്ളിൽ മറയും എന്നതാണ്. വിനയത്താൽ, മറ്റുള്ളവരെ വേദനിപ്പിക്കാനുള്ള വൈമനസ്യത്താൽ, സുഹൃത്തുക്കളെ സന്തോഷിപ്പിക്കാനുള്ള വ്യഗ്രതയാൽ, സ്വന്തം നിമ്നത പരിരക്ഷിക്കാനുള്ള താല്പര്യത്താൽ ഒക്കെ ഈ പ്രച്ഛന്നതയുണ്ടാകും. അതുകൊണ്ട് ഒരഭിമുഖ സംഭാഷണവും സത്യസന്ധമല്ല. ഇപ്പോഴത്തെ ചില കവികളെ പരമപുച്ഛത്തോടു വീക്ഷിക്കുന്ന ഒരു കവി, അവരെ ആക്ഷേപിക്കാൻ എന്നിൽ പലപ്പോഴും പ്രേരണ ചെലുത്തിയിട്ടുള്ള ഒരു കവി (ഞാനങ്ങനെ ചെയ്തിട്ടില്ല) അടുത്തകാലത്ത് അവരെയെല്ലാം സ്തോത്രമായി അഭിമുഖ സംഭാഷണത്തിലൂടെ പ്രത്യക്ഷനായി. എന്തിന്? സുഗതകുമാരിയുടെ ഏതെങ്കിലും ഒരു കാവ്യം വാരികയിൽ വന്നാൽ ‘കണ്ടില്ലേ, കവിതയാണോ ഇതു?’ എന്ന് അദ്ദേഹം എന്നോടു ചോദിക്കുമായിരുന്നു. ഒരിക്കലദ്ദേഹം “ശാർദ്ദൂലവിക്രീഡിതവും സ്രഗ്ദ്ധരയും ചേർത്ത് എഴുതിയിരിക്കുന്നതു കണ്ടില്ലേ സുഗതകുമാരി. നിങ്ങളെന്താ മിണ്ടാത്തതു?” എന്ന് എന്നോടു ചോദിച്ചു. പക്ഷേ, അഭിമുഖസംഭാഷണത്തിൽ ആവിർഭവിച്ച അദ്ദേഹം സുഗതകുമാരിയുടെ കാവ്യത്തിന്റെ നിന്ദകനല്ല, സ്തോതാവാണ്. ഇതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഒരഭിമുഖ സംഭാഷണവും വിശ്വസിക്കാനാവില്ലെന്ന്. സത്യമിതായതിനാൽ ഒരു വലിയ ‘മാർജിൻ’ ഇട്ടുകൊണ്ടാണ് ഞാൻ ‘കങ്കമ’ത്തിലെ അഭിമുഖ സംഭാഷണത്തിന്റെ റിപ്പോർട്ട് വായിച്ചത്. ചോദ്യകർത്താവ് എം. മനോഹരൻ. ഉത്തരങ്ങൾ നല്കിയത് തിരുനല്ലൂർ കരുണാകരൻ. അദ്ദേഹത്തിന്റെ ഉത്തരങ്ങൾക്ക് ബഹിർഭാഗസ്ഥത എന്ന ദോഷമില്ല. ചോദ്യങ്ങളുടെ സ്വഭാവത്തെ അതിലംഘിച്ച് പ്രൗഢമായി കരുണാകരൻ മറുപടി നൽകിയിട്ടുണ്ട്. ഒരു ചോദ്യത്തിന് അദ്ദേഹം നൽകിയ ഉത്തരത്തോട് എനിക്കുള്ള വിപ്രതിപത്തി സ്പഷ്ടമാക്കാനാണ് ഇതു കുറിക്കുന്നത്.

ചോദ്യം: ഒരു വിപ്ലവകവി എന്ന വയലാറിനെപ്പറ്റിയുള്ള വിശേഷണം പല നിരൂപകരും ചോദ്യം ചെയ്യുന്നുണ്ട്. സാറിന്റെ അഭിപ്രായം എന്താണ്?

ഉത്തരം: കമ്മ്യൂണിസമെന്നു കേട്ടാൽ ഞെട്ടിത്തെറിക്കുന്ന നിരൂപകർ ഇന്നുമുണ്ടല്ലോ മലയാളത്തിൽ. അവർ എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ.

നമ്മുടെ വാരികകളിൽ വരുന്ന പല കഥകളും അധഃസ്ഥലസ്പർശികളാണ്. ഒരു തലത്തിൽ നിന്ന് അവ ഉയരുന്നില്ല. പൊലീസിന്റെ മർദ്ദനമോ മുതലാളികളുടെ ചൂഷണമോ ഒക്കെ പ്രതിപാദിച്ചുകൊള്ളൂ. പക്ഷേ, അവ അനുവാചകന്റെ മനസ്സിനെ സമ്പന്നമാക്കേണ്ടതല്ലേ? വികാരങ്ങൾക്ക് ഉദാത്തത നൽകേണ്ടതല്ലേ?

നിരൂപകർ എന്ന പദത്തിലെ ബഹുത്വം യഥാർത്ഥത്തിൽ ഏകത്വമാണ്. രാമവർമ്മ മാറ്റൊലിക്കവിയാണെന്നും വിപ്ലവകവിയല്ലെന്നും എഴുതിയത് ഞാനാണ്. അങ്ങനെയുള്ള എന്നെ ആന്റികമ്മ്യൂണിസ്റ്റായി ചിത്രീകരിക്കുന്ന കരുണാകരൻ രണ്ടു ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നു. 1) താൻ ഉന്നതനായ കമ്മ്യൂണിസ്റ്റാണെന്നു സ്ഥാപിക്കുക. അല്ലെങ്കിൽ അരക്കിട്ട് ഉറപ്പിക്കുക. 2) എന്നെ കമ്മ്യൂണിസ്റ്റ് വിരുദ്ധനായി കീലടിച്ചു കാണിക്കുക. ഇതെഴുതുന്നയാൾ കമ്മ്യൂണിസ്റ്റാണോ കമ്മ്യൂണിസ്റ്റ് വിരുദ്ധനാണോ എന്ന് ഇപ്പോൾ ആലോചിക്കേണ്ടതില്ല. പക്ഷേ, ഞാൻ ലോകസാഹിത്യത്തിലെ ഉത്കൃഷ്ടരായ കമ്മ്യൂണിസ്റ്റ് കവികളുടെ സ്തോതാവാണ്. ഗ്രീസിലെ യാനിസ് റിറ്റ്സോസ്, റഷ്യയിലെ മായകോവ്സ്കി, ചിലിയിലെ പാബ്ലോ നെറൂദ, ജർമ്മനിയിലെ ബ്രഹ്റ്റ്, ചൈനയിലെ മവോ സെ ദുങ്, ആർജന്റീനയിലെ ചെഗുവേര ഈ വിപ്ലവ കവികളെക്കുറിച്ചെല്ലാം പ്രശംസിച്ച് പലപ്പോഴും എഴുതിയിട്ടുള്ളവനാണ് ഞാൻ. അവർ സമൂഹസ്ഥിതി പരിവർത്തകരായിരിക്കുന്നതുപോലെ വയലാർ രാമവർമ്മ ‘റെവ്ല്യൂഷനറി പൊയറ്റ്’ അല്ല. രാഷ്ട്രവ്യവഹാരത്തിൽ ആമജ്ജനംചെയ്ത ഈ കവികളിൽ പലരും സ്വേച്ഛാധിപത്യത്തിന്റെ പീഡനങ്ങൾക്ക്—മർദ്ദനങ്ങൾക്ക്—വിധേയരായി ജയിലിൽ പോയവരാണ്. കാരാഗൃഹത്തിൽ നിന്നിറങ്ങിവന്നിട്ട് വീണ്ടും പൊലീസിന്റെ മർദ്ദനമേറ്റ് കാരാഗൃഹത്തിലേക്കുതന്നെ മടങ്ങിയവരാണ്. നിശ്ശബ്ദരായ ബഹുജനത്തിന്റെ വികാരങ്ങളോടു ‘താദാത്മ്യം’ പ്രാപിച്ച് അവരുടെ അനന്യത വ്യക്തമാക്കിയവരാണ്. തൊഴിലാളികളുടെ—വിശാലമായ അർത്ഥത്തിൽ ബഹുജനത്തിന്റെ—വിപ്ലവാത്മകമായ ഇച്ഛാശക്തിയെ ജ്വലിപ്പിച്ചവിട്ടവരാണ് ഇക്കവികൾ. വസ്തുനിഷ്ഠമായ സത്യം ബഹുജനത്തിനു ദോഷം ചെയ്യുമെങ്കിൽ അതിനെ ആന്തരശക്തികൾകൊണ്ടു നിർമ്മാർജ്ജനം ചെയ്യാൻ കാവ്യങ്ങളിലൂടെ ഉദ്ബോധനം നടത്തിയവരാണ് അവർ. റഷ്യയിലെ തൊഴിലാളി ഫാക്ടറിയിൽ ജോലിക്കാരനാണെങ്കിൽ റഷ്യയിലെ മായകോവ്സ്കി പദങ്ങളുടെ ഫാക്ടറിയിലെ തൊഴിലാളിയായിരുന്നു. അദ്ദേഹം നിർമ്മിച്ച വാക്കുകളുടെ റോക്കറ്റിൽ കയറിയാണ് റഷ്യൻജനത സമത്വസുന്ദരമായ മണ്ഡലത്തിലെത്തിയത്. ഇതിനൊന്നും വയലാർ രാമവർമ്മയ്ക്കു കഴിഞ്ഞില്ല. അദ്ദേഹം ചങ്ങമ്പുഴയിൽനിന്ന് കടംവാങ്ങിയ ഡിക്ഷനിലൂടെ, ബിംബങ്ങളിലൂടെ വൈകാരികബന്ധങ്ങൾ ചിത്രീകരിച്ചതേയുള്ളു. ആ ബന്ധങ്ങൾ തികച്ചും ബൂർഷ്വാസിയുടേയും. വൈഷയികമായ കവിതയാണ് രാമവർമ്മയുടേത്. അതിനു വിപ്ലവ കവിതയുടെ കെട്ടുറപ്പ് ഇല്ല. നിയന്ത്രണമില്ല. മുകളിൽപ്പറഞ്ഞ വിപ്ലവ കവികൾ രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയുംവേണ്ടി—ഇന്റർ നാഷനൽ സൊസൈറ്റിക്കുവേണ്ടി—കാവ്യങ്ങൾ രചിച്ചപ്പോൾ രാമവർമ്മ റൊമാന്റിസിസത്തിന്റെ സന്തതിയായ ആത്മസന്തോഷത്തിന്റെ കൊച്ചുവട്ടത്തിൽക്കിടന്നു കളിക്കുകയായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ‘സോകാൾഡ്’ വിപ്ലവകാവ്യങ്ങൾ ദുർബ്ബലങ്ങളായിപ്പോയത്. ‘വാളല്ലെൻ സമരായുധം’ എന്നും ‘മണിപ്പൊൻ വീണ വാങ്ങിച്ച ഞാൻ’ എന്നും പറയുന്ന ആളാണോ വിപ്ലവകവി?

ചോദ്യം, ഉത്തരം

ചോദ്യം: വയലാർ രാമവർമ്മ അവാർഡിനെക്കുറിച്ച് എന്തു പറയുന്നു?

ഉത്തരം: എന്തു പറയാൻ? എന്റെ അഭിവന്ദ്യ മിത്രം തിരുനല്ലൂർ കരുണാകരനു ഇരുപത്തയ്യായിരം രൂപ കിട്ടിയതിൽ എനിക്കു സന്തോഷമുണ്ടെന്നു പറഞ്ഞാൽ അതു കള്ളമായിരിക്കും. എങ്കിലും അസൂയയില്ല, അസ്വസ്ഥതയില്ല. പിന്നെ ഈ അവാർഡൊക്കെ വലിയ കാര്യമാണെന്നു വായനക്കാർ വിചാരിക്കരുത്. ‘വയലാർ രാമവർമ്മ അവാർഡ്’ ഏർപ്പാടുചെയ്തപ്പോൾ എസ്. കെ. നായർ എന്നോടു പറഞ്ഞു: “ഇത്തവണ ലളിതാംബിക അന്തർജ്ജനത്തിന് കൊടുക്കും അവാർഡ്. അടുത്ത വർഷത്തിലെ അവാർഡ് സാറിന്റെ സാഹിത്യവാരഫലത്തിനായിരിക്കും. അതു കൊണ്ട് ഉടനെ അതു പുസ്തകമാക്കണം”. മുക്കണ്ണട താഴെവീണു പൊട്ടിപ്പോയത് വീണ്ടും വാങ്ങാൻ പണമില്ലാതിരുന്ന അക്കാലത്ത് കഷ്ടപ്പെട്ടിരുന്ന ഞാൻ എസ്. കെ. നായരോടു പറഞ്ഞു: “എനിക്ക് ആ അവാർഡ് വേണ്ട” എന്ന്. സാഹിത്യവാരഫലം ഇന്നുവരെ പുസ്തകമാക്കിയിട്ടില്ല. സമ്മാനം കിട്ടാൻ വേണ്ടി വൈലോപ്പിള്ളി ഗ്രന്ഥപ്രസാധനത്തിന്റെ തീയതി തിരുത്തിയെന്ന് ആരോപറഞ്ഞതു കേട്ടയുടനെ അതിന്റെ സത്യാത്മകത അന്വേഷിക്കുകപോലും ചെയ്യാതെ ഞാൻ ഫൈനൽ ജഡ്ജിങ് കമ്മിറ്റിയിൽ നിന്നു മാറിക്കളഞ്ഞു. പ്രിയപ്പെട്ട വായനക്കാരേ ഈ സമ്മാനത്തിലൊന്നും ഒരർത്ഥവുമില്ല.

ചോദ്യം: നിങ്ങളുടെ സാഹിത്യവാരഫലത്തിന് അവാർഡ് കിട്ടാൻ യോഗ്യതയുണ്ടോ?

ഉത്തരം: കിട്ടിയതിനെല്ലാം അതിനുള്ള യോഗ്യതയുണ്ട് എന്നാണോ വിചാരം?

ചോദ്യം: കടുകട്ടിയായി, നിയമത്തിൽനിന്നു മാറാതെ ജീവിക്കുന്നവരെക്കുറിച്ച് എന്താണഭിപ്രായം?

ഉത്തരം: ഒരുതരം അനിയത മാനസികനിലയായിരിക്കും അവർക്ക്. സ്വന്തം കാര്യം വരുമ്പോൾ എന്തും ചെയ്യുകയും ചെയ്യും.

ചോദ്യം: അന്യർ വീട്ടിൽ കയറിവരുന്നതെങ്ങനെ?

ഉത്തരം: മാന്യർ ഡോർബെല്ല് അടിച്ചിട്ട് അവിടെത്തന്നെ നിൽക്കും. ഗൃഹനായകൻ ചെന്നുവിളിച്ചാലേ അകത്തേക്കു വരൂ. അമാന്യർ ബെല്ലടിക്കാതെ പൂച്ചയെപ്പോലെ പതുങ്ങിപ്പതുങ്ങി വരും. പെട്ടെന്ന് നമ്മൾ അവരെകാണും. ഞെട്ടിപ്പോകുകയും ചെയ്യും.

ചോദ്യം: തോപ്പിൽ ഭാസി നിങ്ങളെക്കുറിച്ച് ‘കങ്കമ’ത്തിൽ എഴുതിയിട്ടുണ്ട്. അതു വായിച്ചോ? വായിച്ചെങ്കിൽ വായിച്ച് അഭിപ്രായം പറയൂ. (ചോദ്യം പോസ്റ്റിൽ കിട്ടിയത്)

ഉത്തരം: വായിച്ചു. ഭാസിയുടേത് വ്യക്തിപരമായ ഉപാലംഭമാണ്. വിമർശനം സർഗ്ഗാത്മകമാകുമ്പോൾ എനിക്കെന്നല്ല, ആർക്കും ഇഷ്ടമാണ്. മുൻപ് എം. കെ. മേനോൻ (വിലാസിനി) സാഹിത്യവാരഫലത്തെ കളിയാക്കി ലേഖനമെഴുതി. ഭാസി പറയുന്നതിനെക്കാൾ തീക്ഷ്ണമായിരുന്നു അദ്ദേഹത്തിന്റെ ആ ലേഖനം. അത് വായിച്ച ഞാൻ അദ്ദേഹത്തെ കൂടുതലായി ബഹുമാനിക്കാൻ തുടങ്ങി. ആത്മപ്രശംസയായി കരുതരുത്. മുണ്ടശ്ശേരിയുടെ ‘രാജരാജന്റെ മാറ്റൊലി’യെ വിമർശിച്ച് ഞാൻ ലേഖനമെഴുതി. ഒരുവാക്കുപോലും അതിൽ മുണ്ടശ്ശേരിക്ക് അനുകൂലമായിരുന്നില്ല. എന്നിട്ടും അദ്ദേഹം എന്നെ അഭിനന്ദിച്ചു. തന്റെ ഷഷ്ടിപൂർത്തി ആഘോഷിക്കുമ്പോൾ പ്രസംഗിക്കാൻ ചെല്ലണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ‘ക്രീയേറ്റീ’വായ ഒരു പ്രബന്ധവും പ്രതിഷേധത്തെ ക്ഷണിച്ചുവരുത്തുകയില്ല.

സത്യം അസത്യമായി മാറുന്നു

കോളേജിൽ അദ്ധ്യാപകരായവർക്കെല്ലാം അനുഭവമുള്ള കാര്യമാണ് ഞാൻ പറയാൻ പോകുന്നത്. ഫാൻസി ഡ്രെസ്സ് മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ ഏറിയപങ്കും ഭിക്ഷക്കാരായോ കുഷ്ഠരോഗികളായോ വേഷംകെട്ടിവരും. പുണ്ണുകൾ കാണിച്ച് യാചിക്കുന്ന ഫാൻസി ഡ്രെസ്സുകാരും വിരളമല്ല. ദ്രഷ്ടാവിന് ഉന്നമനം നൽകുന്ന ഒരു വേഷവും കാണില്ല. അതുപോലെ ചെറുകഥാമത്സരത്തിലെ രചനകൾ പരിശോധിക്കുന്നവർക്കും മനസ്സിലാകും ജീവിതത്തിന്റെ ഹീനാംശങ്ങളിലാണ് വിദ്യാർത്ഥികൾക്കു താല്പര്യമെന്ന്. ഒന്നുകിൽ കഥാനായകൻ ക്ഷയംവന്നു മരിക്കുന്നു. അല്ലെങ്കിൽ ആത്മഹത്യ ചെയ്യുന്നു. കത്തിക്കൊല്ലലും തലയ്ക്കടിച്ചു കൊല്ലലും സർവ്വ സാധാരണം. നമ്മുടെ വാരികകളിൽ വരുന്ന പല കഥകളും ഇതുപോലെ അധഃസ്ഥലസ്പർശികളാണ്. ഒരുതലത്തിൽനിന്ന് അവ ഉയരുന്നില്ല. പൊലീസിന്റെ മർദ്ദനമോ മുതലാളികളുടെ ചൂഷണമോ ഒക്കെ പ്രതിപാദിച്ചുകൊള്ളൂ. പക്ഷേ, അവ അനുവാചകന്റെ മനസ്സിനെ സമ്പന്നമാക്കേണ്ടതല്ലേ? വികാരങ്ങൾക്ക് ഉദാത്തത നൽകേണ്ടതല്ലേ? അതൊന്നുമില്ല. ദേശാഭിമാനി വാരികയിൽ കാസിം വാടാനപ്പള്ളി എഴുതിയ “ഭാവഭേദങ്ങൾ” എന്ന കഥ വായിക്കുക. അനിയത്തിക്കു വിവാഹം. ദരിദ്രയായ ഒരു ചേച്ചിക്ക് ഒരു സ്വർണ്ണവളയേ കൊടുക്കാനാവൂ. അതിനുള്ള രണ്ടായിരം രൂപതന്നെ ബ്ലെയിഡ് കമ്പനിയിൽനിന്ന് അമിതമായ പലിശയ്ക്കു കടം മേടിച്ചതാണ്. മറ്റു ചേച്ചിമാർ അനേകം വളകൾ കൊടുക്കാൻ പോകുന്നുവെന്നറിഞ്ഞപ്പോൾ ഒറ്റ വളക്കാരി വിവാഹത്തിനു പോകേണ്ടതില്ലെന്നു തീരുമാനിക്കുന്നു. ഇതിന്റെ അവാസ്തവികത പ്രകടമാണ്. ഒരു വളകൊണ്ടു കൊടുത്തിട്ട് ‘എനിക്കിത്രമാത്രമേ തരാൻ പറ്റൂ’ എന്ന് അവൾ പറഞ്ഞാൽ അനിയത്തി അവളെ ആലിംഗനം ചെയ്യും. അനേകം വളകൾ കൊടുത്ത സമ്പന്നകളായ ചേച്ചിമാരോട് തോന്നുന്ന സ്നേഹത്തിന്റെ ആയിരമിരട്ടി സ്നേഹം അവൾക്ക് ആ ചേച്ചിയോടു തോന്നുകയും ചെയ്യും. പക്ഷേ, കഥാകാരനു അതല്ലല്ലോ ലക്ഷ്യം. സ്നേഹാവിഷ്കാരത്തെക്കാൾ അദ്ദേഹത്തിനു പ്രാധാന്യമുള്ളത് ഒരു വള മാത്രം കൊടുക്കാൻ കാരണമായി ഭവിച്ച സമൂഹവ്യവസ്ഥിതിയിൽ ആഘാതമേല്പിക്കലാണ്. അടിക്കുന്നു. സത്യം ‘ഡിസ്റ്റോർട്ട്’ ചെയ്യപ്പെടുന്നു. അതിനപ്പുറമേ കഥ താണതലത്തിൽ നില്ക്കുകയും ചെയ്യുന്നു. മനുഷ്യൻ യുക്തിയിൽ അധിഷ്ഠിതമായ ജീവിതം നയിക്കുകയാണെങ്കിലും അവനെ വഴിതെറ്റിച്ച് യുക്തിരഹിതമായ മണ്ഡലത്തിൽ കൊണ്ടുചെല്ലാൻ ചിലർക്ക് എന്തു താല്പര്യമാണെന്നോ!

കട്ടിയെപ്പോലെ നിരൂപകൻ

ഒരു കഥ. പേരുകേട്ട ഒരു മിലിട്ടറി ജനറലിനെ പാരീസിലേക്ക് അയച്ചു അധികാരികൾ. ജനറൽ എന്നും കാലത്തു നടക്കാൻ പോകും. പോകുമ്പോൾ കൊച്ചു മകനെക്കൂടി കൊണ്ടുപോകും അയാൾ. ഒരുദിവസം അവർ ഒരുദ്യാനത്തിൽ ചെന്നപ്പോൾ അവിടെ സ്ഥാപിച്ചിരിക്കുന്ന നെപ്പോളിയന്റെ പ്രതിമകണ്ടു; മനോഹരമായ കതിരയുടെ പുറത്തിരിക്കുകയാണ് നെപ്പോളിയൻ. കുട്ടി പറഞ്ഞു: “അച്ഛാ ഈ നെപ്പോളിയനെ കാണാൻ എന്നെ എന്നും കൊണ്ടുവരുമോ?” ജനറലിനു വലിയ സന്തോഷമായി. മകന് നെപ്പോളിയനെ ഇഷ്ടമായാൽ അവനും ഭാവിയിൽ അദ്ദേഹത്തെപ്പോലെയാകുമല്ലോ എന്നോർത്തുള്ള സന്തോഷം. അങ്ങനെയിരിക്കെ ആ ജനറലിനെ വേറൊരു സ്ഥലത്തേക്കു മാറ്റി. അവസാനമായി നെപ്പോളിയനെ കാണാൻ മകൻ അച്ഛനോടൊരുമിച്ച് ഉദ്യാനത്തിലെത്തി. അവൻ ജനറലിനോടു ചോദിച്ചു: “അച്ഛാ ഇവിടെ വരുമ്പോഴെല്ലാം എനിക്കൊരു ചോദ്യം ചോദിക്കണമെന്നുണ്ടായിരുന്നു. ഇതുവരെ ചോദിച്ചില്ലെന്നേയുള്ളു. ഇനി നമ്മൾ ഇവിടെ വരില്ലല്ലോ. അതുകൊണ്ട് ചോദിക്കാം. സുന്ദരനായ നെപ്പോളിയന്റെ പുറത്തുകയറിയിരിക്കുന്ന ആ വിരൂപൻ ആരാണച്ഛാ?” കുട്ടി കുതിരയെ നെപ്പോളിയനായി തെറ്റിദ്ധരിച്ചതുപോലെയാണ് നമ്മുടെ നവീന നിരൂപകർ മഹാകവികളെ കണ്ടു തെറ്റിദ്ധരിക്കുന്നത്. കുമാരനാശാന്റെ ‘നളിനി’ ദുരന്തകാവ്യമാണെന്ന് എഴുതിവിടുന്ന ആള് ആ കൊച്ചുകുട്ടിയെപ്പോലെയാണ്.

മാലിന്യം

ജനയുഗം വാരികയിലെ “സ്വർഗ്ഗത്തിലെ നിക്ഷേപം” എന്ന മിനിക്കഥ (!) മലിനമാണ്. ക്രൈസ്തവ പുരോഹിതൻ (വലിയ ഇടയൻ എന്നു കഥാകാരനായ പ്രൊഫ. മാത്യു സി. എബ്രഹാമിന്റെ പ്രയോഗം) കാപട്യത്തിന്റെ പ്രതിരൂപമാണ് എന്ന് കഥാകാരൻ പറഞ്ഞുകൊണ്ടല്ല. ആ പുരോഹിതൻ പട്ടുകുപ്പായമണിഞ്ഞ് ബെൻസ് കാറിൽ വന്നിറങ്ങി കഞ്ഞാടുകളെക്കൊണ്ടു പണം ചെലവാക്കിച്ചു എന്ന് എഴുതിയതുകൊണ്ടുമല്ല. അവരെ പിഴിഞ്ഞ് അയാൾ അമ്പതുലക്ഷം രൂപ സമ്പാദിച്ചു. എന്നു വ്യക്തമാക്കിയതുകൊണ്ടുമല്ല. കലാരാഹിത്യത്തിന്റെ അന്ധകാരം അതു വ്യാപിപ്പിക്കുന്നു എന്ന ഒറ്റക്കാരണത്താലാണ് അതിനെ ഓടസ്സാഹിത്യമായി ഞാൻ കരുതുന്നത്. എനിക്കു സന്ന്യാസികളോടു പൊതുവേ ബഹുമാനമാണ്. എന്നാൽ വയലാർ രാമവർമ്മ ‘സന്ന്യാസി’ എന്ന കാവ്യത്തിലൂടെ ഒരു കാഷായവസ്ത്രക്കാരനെ അവതരിപ്പിച്ചപ്പോൾ അതിലെ പരിഹാസം എനിക്കിഷ്ടമായി. യുക്തിവൈചിത്ര്യംകൊണ്ടും സംഭവസന്നിവേശത്തിന്റെ നവീനതകൊണ്ടും പുരോഹിതനിന്ദ കലയുടെ മണ്ഡലത്തിലേക്കു കടന്നാൽ അനുവാചകനു പരാതിയില്ല. ‘ജനയുഗ’ത്തിലെ ഈ കഥാകാരനു വെറുപ്പേയുള്ളു. ആ വെറുപ്പിന്റെ കോച്ചുവാതം അദ്ദേഹം ഒരു ക്രൈസ്തവ പുരോഹിതനിലേക്കു സംക്രമിപ്പിക്കുന്നു. അതുകൊണ്ട് ഇതു കഥയല്ല, കോച്ചുവാതമാണ്.

മാർകേസിന്റെ പുതിയ നോവൽ


മാർകേസ്

ജീവിതം ധന്യമായിയെന്നു തോന്നുന്ന നിമിഷങ്ങളുണ്ട്. അങ്ങനെയൊരു നിമിഷത്തിലാണ് ഞാനിപ്പോൾ. എന്തെന്നല്ലേ? ലാറ്റിനമേരിക്കൻ നോവലിസ്റ്റ് മാർകേസിന്റെ ഏറ്റവും പുതിയ നോവൽ Love in the time of Cholera ഞാനിപ്പോൾ വായിച്ചുതീർത്തതേയുള്ളു. അതിന്റെ ലഹരിയിലിരുന്നുകൊണ്ടാണ് ഈ വരികൾ കുറിക്കുന്നത്. ഈ നോവലിന്റെ രചനകൊണ്ട് അദ്ദേഹം ജീവിച്ചിരിക്കുന്ന മറ്റു ലാറ്റിനമേരിക്കൻ നോവലിസ്റ്റുകളെ മാത്രമല്ല, സമകാലികരായ മറ്റു യൂറോപ്യൻ നോവലിസ്റ്റുകളെയും ബഹുദൂരം അതിശയിച്ചിരിക്കുന്നു. ഇതിന്റെ പ്രാധാന്യമെടുത്തു കാണിക്കാനോ സൗന്ദര്യം വ്യക്തമാക്കിത്തരാനോ ഇവിടെ സ്ഥലമില്ല. പുതിയ പുസ്തകങ്ങളെക്കുറിച്ച് വായനക്കാർക്ക് അറിവു നൽകാൻ വേണ്ടി മാത്രമാണ് ഞാൻ കൂടക്കൂടെ ഇമ്മാതിരി ഖണ്ഡികകൾ എഴുതുന്നത്.

ഡോക്ടർ ഊർവിനോയും ഭാര്യയും കരബിയൻ സമുദ്രതീരത്തുള്ള ഒരു പട്ടണത്തിൽ വസിക്കുകയാണ്. പട്ടണത്തിന്റെ പേരു നോവലിൽ പറഞ്ഞിട്ടില്ല. ഊർവിനോ പ്രശസ്തനായ ഡോക്ടറാണ്. അദ്ദേഹത്തിന്റെ വീട്ടിലെ തത്ത ഒരു ദിവസം പറന്നുപൊയ്ക്കളഞ്ഞു. അഗ്നിശമനക്കാർ വന്നു വെള്ളമടിച്ചെങ്കിലും തത്ത അതിരുന്ന മരത്തിൽനിന്നു രക്ഷപ്പെട്ടു. ഡോക്ടർ പിന്നീടു നോക്കിയപ്പോൾ അത് ഒരു മാവിലിരിക്കുന്നതു കണ്ടു. അദ്ദേഹം ഏണിചാരി മാവിൽ കയറി. വഴുതിവീണു മരിക്കുകയും ചെയ്തു. മരണമന്വേഷിച്ച് എത്തിയവരുടെ കൂട്ടത്തിൽ എഴുപത്താറുവയസ്സുള്ള ഫ്ളോറന്റിനോയുമുണ്ട്. വിധവയായ ഫെർമിനയുടെ (72 വയസ്സ്) പൂർവകാമുകനാണ് അയാൾ. അയാൾ അവരോടു പറഞ്ഞു: “I have waited for this opportunity for more than half a century to repeat to you once again my vow of eternal fidelity and everlasting love”. വിധവയ്ക്കു ദേഷ്യം വന്നു. അവർ ഗർജ്ജിച്ചു: “Get out of here. And don’t show your face again for the years of life that are left to you” (P. 50).



ആദ്യമായി ഈ രംഗം വർണ്ണിച്ചതിനുശേഷം മാർകേസ് ഫ്ലോറന്റിനോയുടെയും ഫെർമിനയുടെയും ബാല്യകാലത്തേക്കും യൗവനകാലത്തേക്കും ചെല്ലുന്നു. അക്കാലത്ത് ടെലിഗ്രാം ഓപ്പറേറ്ററായിരുന്ന ഫ്ലോറന്റിനോ ഫെർമിനയെ കണ്ടു പ്രേമത്തിൽ വീണു. ഉത്കടമായ പ്രേമം. ഫെർമിനയുടെ ഒരു ചെറിയ കറിപ്പുകിട്ടിയപ്പോൾ അയാൾ റോസാപ്പൂ തിന്നാൻ തുടങ്ങി. പലതവണ വായിച്ചതുകൊണ്ട് ധാരാളം പൂക്കൾ തിന്നു. രാത്രി ഏറെത്തവണ വായിച്ചപ്പോൾ ഏറെ റോസാപ്പൂക്കൾ ഉള്ളിലാക്കി. ഒടുവിൽ അയാളുടെ അമ്മവന്ന് പശുക്കുട്ടിയെയെന്നപോലെ തല പിടിച്ചുവച്ച് ആവണക്കെണ്ണ ഒഴിച്ചുകൊടുത്തു വായിലേക്ക് (പുറം 68). പ്രേമം ഇങ്ങനെ രോഗസദൃശമായപ്പോൾ (The symptoms of love were the same as those of Cholera, P. 62) ഫെർമിന അയാളെ ഉപേക്ഷിച്ച് ഡോക്ടർ ഊർവിനോയെ വിവാഹം കഴിച്ചു. പക്ഷേ, ഫ്ലോറന്റിനോ നിരാശനായില്ല. അയാൾ അമ്പത്തൊന്നു വർഷം ഒൻപതു മാസം നാലു ദിവസം കാത്തിരുന്നു. ഫെർമിനോ അയാളെ വീട്ടിനു പുറത്താക്കിയെങ്കിലും അയാൾ കൂട്ടാക്കിയില്ല. ഇടവിടാതെ അയാൾ കത്തുകളെഴുതി ഫെർമിനയ്ക്കു കൂടെക്കൂടെ സന്ദർശനങ്ങൾ നടത്തി. ഒരു ദിവസം അവരെ കണ്ടിട്ടു തിരിച്ചു വന്നപ്പോൾ കതിരവണ്ടിക്കാരൻ പറഞ്ഞു: “Be careful Don Floro, that looks like Cholera” (P. 305) ക്രമേണ അവർ തമ്മിലടുത്തു. ഫെർമിനയുടെ ഈ പുതിയ ബന്ധം അന്യർക്ക് ഇഷ്ടമായില്ല. അമ്മയുടെ പഴയ പരിചയക്കാരൻ എന്ന് ഫെർമിനയുടെ മകൻ പുറമേ പറഞ്ഞു. പക്ഷേ, ഉള്ളിൽ അയാൾക്കും അത് അനിഷ്ടം ജനിപ്പിച്ചിരിക്കണം. ഫെർമിനോ യാനപാത്രത്തിൽ കയറി ഒരു യാത്രപോകാൻ തീരുമാനിച്ചു. യാത്രയ്ക്കു ഫ്ലോറന്റിനോയുമുണ്ട്. ചെറുപ്പകാലത്ത് ചുവന്ന പനിനീർപ്പൂക്കൾ കാമുകിക്കു കൊടുത്ത ആ കാമുകൻ അപ്പോൾ മഞ്ഞ പനിനീർപ്പൂക്കൾ നൽകി. ഫ്ലോറന്റിനോ വൃദ്ധയെ ഉമ്മവയ്ക്കാൻ ശ്രമിച്ചു. അവർ അതു തടഞ്ഞിട്ട് പറഞ്ഞു: “Not now I smell like an old woman”. എങ്കിലും ഇരുട്ടത്തിരുന്ന് അവർ അയാളുടെ ഷർട്ടിൽ ബട്ടൻ വച്ചുകൊടുത്തു. (പുറം 344) കോളറയുടെ മഞ്ഞക്കൊടി പറത്തിക്കൊണ്ട് കപ്പൽ നീങ്ങുകയാണ്. റോസാപ്പൂക്കൾക്കു കൂടുതൽ സൗരഭ്യമുണ്ടെന്നു ഫെർമിനോയ്ക്കു തോന്നിത്തുടങ്ങി. “Let us keep going, going, going…” എന്നു ഫ്ലോറന്റിനോ കപ്പലിലെ ക്യാപ്റ്റനോടു പറഞ്ഞു. എത്രകാലം ഇങ്ങനെ പോകുകയും വരികയും ചെയ്യുമെന്ന് അയാളുടെ ചോദ്യം. “എല്ലാക്കാലവും” എന്ന് ഫ്ലോറന്റിനോയുടെ മറുപടി.

മാർകേസിന്റെ മറ്റു നോവലുകളിലുള്ള മാജിക്കൽ റിയലിസം ഇതിലില്ല, ഫാന്റസിയില്ല, അലിഗറിയില്ല. പക്ഷേ, കലയുടെ മാജിക്—മാന്ത്രികത്വം—നമ്മെ അദ്ഭുതപരവശരാക്കുന്നു. പ്രേമത്തിനു വിഷൂചികയോടു സാദൃശ്യം കല്പിക്കുന്ന മാർകേസ് യഥാർത്ഥത്തിൽ കാലത്തിന്റെ സംഹാരാത്മകതയെയാണു ചിത്രീകരിക്കുന്നത്. ജീർണ്ണിച്ച ഭൂതകാലം, ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാലം. ജീർണ്ണിക്കാൻ പോകുന്ന ഭാവികാലം. ഇവയെ ഇതിനെക്കാൾ ഹൃദയസ്പർശിയായി മറ്റൊരു കലാകാരനും ആലേഖനം ചെയ്തിട്ടില്ല. മഹനീയവും അതിസുന്ദരവുമായ ഈ കലാസൃഷ്ടിയിൽ ആമജ്ജനം ചെയ്യാൻ വായനക്കാരെ ക്ഷണിച്ചുകൊണ്ട് ഞാൻ മാറിനിൽക്കട്ടെ (Translated from the Spanish by Edith Grossman, Alfred A. Knopf, New York, $ 18.95).

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യൂമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.